പൊതുമുതൽ നശിപ്പിച്ച സംഭവം

65(806)ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈയിടെ കോൺഗ്രസ് (ഐ) നടത്തിയ സമരങ്ങളെ തുടർന്ന് വ്യാപകമായ നിലയിൽ പൊതുമുതൽ നശിപ്പിച്ച കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സമരങ്ങളിൽ എത്രത്തോളം പൊതുമുതൽ നശിപ്പിച്ചിട്ടുണ്ട് എന്ന് കണക്കെടുത്തിട്ടുണ്ടോ;

(സി) എങ്കിൽ എത്രയെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഇതിൽ കെ.എസ്.ആർ.ടി.സി.യെക്കുണ്ടായ നാശനഷ്ടം എത്രയെന്ന് പ്രത്യേകം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) 8,00,700/- രൂപ (എട്ടു ലക്ഷത്തി എഴുനൂറു രൂപ)

(ഡി) 4,57,450/- (നാലു ലക്ഷത്തി അൻപത്തിയേഴായിരത്തി നാനൂറ്റി അൻപതു) രൂപയുടെ നഷ്ടം.

രാഷ്ട്രീയ പാർട്ടിനേതാക്കൾക്ക് പോലീസ് സംരക്ഷണം

66(807)ശ്രീ. കെ.സി. ജോസഫ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് രാഷ്ട്രീയ പാർട്ടി നേതാക്കൾക്ക് പ്രത്യേകമായ പോലീസ് സംരക്ഷണം ഏർപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ആർക്കെല്ലാം;

(സി) ഇപ്രകാരം സംരക്ഷണം നൽകിയത് അവരുടെ ആവശ്യ പ്രകാരം ആണോ; അതോ മറ്റുവല്ല കാരണങ്ങളാലുമാണോ;

(ഡി) ഗവൺമെന്റ് ഏർപ്പെടുത്തിയ പോലീസ് സംരക്ഷണം വേണ്ട യെന്ന് ഏതെങ്കിലും രാഷ്ട്രീയ പാർട്ടി നേതാക്കൾ അറിയിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ എന്തു കാരണത്താലാണ് അവർ സംരക്ഷണം ഉപേക്ഷിച്ചത് എന്നു വെളിപ്പെടുത്തുമോ?

ഉത്തരം

(എ)-(സി) സെക്യൂരിറ്റി റിവ്യൂ കമ്മിറ്റിയുടെ നിർദ്ദേശ പ്രകാരവും, പ്രാദേശിക സുരക്ഷാ ഭീഷണിയുടെ അടിസ്ഥാനത്തിലും ചില രാഷ്ട്രീയ നേതാക്കൾക്ക് വിവിധ കാറ്റഗറിയിലുള്ള പ്രത്യേക പോലീസ് സംരക്ഷണം ഏർപ്പെടുത്തിയിട്ടുണ്ട്. മന്ത്രിമാർ, പ്രതിപക്ഷനേതാവ്, സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ എന്നിവർക്ക് ഔദ്യോഗിക പരിഗണനയിലുള്ള സംരക്ഷണം നൽകി വരുന്നു. കൂടാതെ താഴെ പറയുന്ന നേതാക്കൾക്കും സംരക്ഷണം നൽകു ന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

1. ശ്രീ. പിണറായി വിജയൻ, എം.എൽ.എ.-സി.പി.എം. സ്റ്റേറ്റ് സെക്രട്ടറി- 'ഇസഡ്' കാറ്റഗറി.

2. ശ്രീ. കെ. കരുണാകരൻ, എം.പി-'വൈ' കാറ്റഗറി.

3. "'ടി.വി. അനന്തൻ, പ്രാന്തം സംഘചാലറ്റ്-'വൈ' കാറ്റഗറി.

4. "കെ. സുധാകരൻ, എം.എൽ.എ-'എക്സ്' - കാറ്റഗറി.

5. "സി.കെ. പത്മനാഭൻ, ബി.ജെ.പി-സ്റ്റേറ്റ് പ്രസിഡന്റ്-എസ്സ് കാറ്റഗറി.

6. "എ. കണാരൻ, എം.എൽ.എ-'എക്സ്' കാറ്റഗറി.

7. "വി.എസ്. അച്ചുതാനന്ദൻ, എൽ.ഡി.എഫ് കൺവീനർ-'സി'കാറ്റഗറി.

8. "കൊടിയേരി ബാലകൃഷ്ണൻ, സി.പി.എം. സ്റ്റേറ്റ് സെക്രട്ടറിയേറ്റ് അംഗം-'സി' കാറ്റഗറി.

ശ്രീ. എം.വി. രാഘവന് (സി.എം.പി) പേഴ്സണൽ സെക്യൂരിറ്റി ഓഫീസർമാരെ നൽകിയിട്ടുണ്ട്. കൂടാതെ പ്രാദേശിക സുരക്ഷാ ഭീഷണിയുടെ അടിസ്ഥാനത്തിൽ ഇ.പി. ജയരാജൻ, എംവി. ജയരാജൻ, പി.കെ. കൃഷ്ണദാസ്, സി.കെ. പത്മനാഭൻ എന്നീ നേതാക്കൾക്ക് കാറ്റഗറി 'എ' സംരക്ഷണം നൽകിവരുന്നു. സർവ്വശ്രീ. ശ്രീ. പി. ജയരാജൻ, ഒ.കെ. വാസുമാസ്റ്റർ, പി.പി.കരുണാകരൻമാസ്റ്റർ എന്നിവർക്ക് നൽകിയിരുന്ന കാറ്റഗറി 'എ' സംരക്ഷണം അവർ നിരസിച്ചിട്ടുണ്ട്.

(ഡി)&(ഇ) നിലവിലുള്ള സാഹചര്യത്തിൽ സുരക്ഷാ പറഞ്ഞ് ആവശ്യമില്ലെന്ന കാരണം പറഞ്ഞ് സർവ്വശ്രീ. ഒ.കെ. വാസു മാസ്റ്റർ, പി.പി.കരുണാകരൻ മാസ്റ്റർ എന്നിവർ അവരുടെ പി.എസ്.ഒ മാരെയും, ശ്രീ.പി. ജയരാജൻ (ദേശാഭിമാനി) കണ്ണൂർ യൂണിറ്റ് മാനേജർ ദേശാഭിമാനിയിലെ ഗാർഡുഡ്യൂട്ടിമാരെയും തിരിച്ചയച്ചിട്ടുണ്ട്. സർവ്വശ്രീ. കെ.കെ.വാസുമാസ്റ്ററുടെ വീട്ടിലെ ഗാർഡും, പി. ജയരാജന്റെ പേഴ്സണൽ സെക്യൂരിറ്റി ഓഫീസർമാരും ഇപ്പോഴുമുണ്ട്.

കായികപരിശീലന നിരോധനം

67(808) ശ്രീ. ജി. കാർത്തികേയൻ :
ശ്രീ. കെ.പി. വിശ്വനാഥൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏതെല്ലാം വിധത്തിലുള്ള കായിക പരിശീലനമോ മറ്റു വിധത്തിലുള്ള ആയുധപരിശീലനമോ ആണ് ഇപ്പോൾ നിയമവിരുദ്ധമായിട്ടുള്ളത്;

(ബി) എന്നു മുതലാണ് ഇത്തരം പരിശീലനങ്ങൾ നിയമവിരുദ്ധമായിത്തീർന്നത്;

(സി) ഈ തീയതിക്കുശേഷം ഏതെങ്കിലും രാഷ്ട്രീയപാർട്ടികൾ നടത്തിയ ക്യാമ്പുകളിൽ എന്നിവ രഹസ്യമായി ആയുധ പരിശീലനവും കായിക പരിശീലനവും നൽകിയതായി ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly